## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5472. 06.07.2012-ൽ മറുപടിയ്ക്ക്

## പബ്ലിക് ഹെൽത്ത് ലബോറട്ടറികളുടെ പ്രവർത്തനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. ഇ. പി. ജയരാജൻ | | ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്ത് ആകെ എത്ര പബ്ലിക് ഹെൽത്ത് ലബോറട്ടറികളാണ് പ്രവർത്തിക്കുന്നതെന്ന് പറയാമോ; | (എ) | സംസ്ഥാനത്ത് ആകെ ആറ് പബ്ലിക് ഹെൽത്ത് ലബോറട്ടറികൾ പ്രവർത്തിക്കുന്നുണ്ട്. |
| (ബി) | സംസ്ഥാനത്തെ പബ്ലിക് ഹെൽത്ത് ലബോറട്ടറികൾക്കോ ഗവൺമെന്റ് മെഡിക്കൽ കോളേജുകളിലെ പബ്ലിക് ഹെൽത്ത് ലബോറട്ടറികൾക്കോ ഏതിനെങ്കിലും എൻ. എ. ബി. എൽ. അക്രഡിറ്റേഷൻ ലഭിച്ചിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ; | (ബി) | സംസ്ഥാനത്തെ പി. എച്ച് ലാബുകൾക്ക് എൻ. എ. ബി. എൽ. അക്രഡിറ്റേഷൻ ലഭിച്ചിട്ടില്ല. എന്നാൽ കോഴിക്കോട്, കണ്ണൂർ ഒഴികെയുളള എല്ലാ ലബോറട്ടറികൾക്കും ക്വാളിറ്റി കൗൺസിൽ ഓഫ് ഇൻഡ്യയുടെ എസ്സൻഷ്യൽ സ്റ്റാൻഡേർഡ്സിന്റെ അക്രഡിറ്റേഷൻ ലഭിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത ലബോറട്ടറികളിലോ സ്റ്റേറ്റ് വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിലോ എച്ച് 1 എൻ 1 പനി, ഡെങ്കിപ്പനി തുടങ്ങിയ രോഗങ്ങൾ കണ്ടെത്തുവാനുളള സംവിധാനങ്ങൾ നിലവിലുണ്ടോയെന്ന് അറിയിക്കുമോ; | (സി) | ആലപ്പുഴ ഒഴികെ സംസ്ഥാനത്തെ പബ്ലിക് ഹെൽത്ത് ലബോറട്ടറികളിൽ ഡെങ്കിപ്പനി കണ്ടുപിടിക്കുന്നതിനുളള എലിസാ ടെസ്റ്റ് ലഭ്യമാണ്. എച്ച് 1 എൻ 1 പനി കണ്ടു പിടിക്കുന്നതിനുളള പി. സി. ആർ. ടെസ്റ്റ് തിരുവനന്തപുരം രാജീവ് ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജിയിൽ |

| | | | |
|---|---|---|---|
| | | | ചെയ്യുന്നുണ്ട്. പി. സി. ആർ. ടെസ്റ്റ് ചെയ്യുന്നതിനാവശ്യമായ വൈറൽ ട്രാൻസ്പോർട്ട് മീഡിയം (വി.റ്റി.എം.) സ്റ്റേറ്റ് പബ്ലിക് ഹെൽത്ത് ലബോറട്ടറിയിൽ ഉൽപാദിപ്പിച്ച് നൽകി വരുന്നു. |
| (ഡി) | 2011 ജൂൺ ഒന്നിനും 2012 ജൂൺ 15 നും ഇടയിൽ എച്ച് 1 എൻ 1 പനി സ്ഥിരീകരിക്കുന്നതിനും ഡെങ്കിപ്പനി സ്ഥിരീകരിക്കുന്നതിനുമായി എത്ര സാമ്പിളുകൾ പ്രസ്തുത സ്ഥാപനങ്ങളിൽ പരിശോധനയ്ക്കെത്തിയെന്നു വ്യക്തമാക്കുമോ; | (ഡി) | സംസ്ഥാനത്തെ പബ്ലിക് ഹെൽത്ത് ലബോറട്ടറികളിൽ 2011 ജൂൺ ഒന്നിനും 2012 ജൂൺ 15 നുമിടയിൽ ഡെങ്കിപ്പനി സ്ഥിരീകരിക്കുന്നതിനായി 10418 സാമ്പിളുകൾ പരിശോധനയ്ക്കെത്തി. എച്ച് 1 എൻ 1 പനി സ്ഥിരീകരിക്കുന്നതിലേയ്ക്കായി 1803 സാമ്പിളുകൾ പരിശോധനയ്ക്കെത്തി. |
| (ഇ) | പരിശോധിച്ച സാമ്പിളുകളിൽ എത്രപേർക്ക് ഇക്കാലയളവിൽ എച്ച് 1 എൻ 1 പനിയും ഡെങ്കിപ്പനിയും സ്ഥിരീകരിച്ചുവെന്ന് വിശദമാക്കുമോ? | (ഇ) | ഇക്കാലയളവിൽ പരിശോധിച്ച സാമ്പിളുകളിൽ 1314 പേർക്ക് ഡെങ്കിപ്പനിയുള്ളതായി സ്ഥിരീകരിച്ചിട്ടുണ്ട്. എച്ച് 1, എൻ 1 പനി 219 പേർക്ക് സ്ഥിരീകരിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**